Published on 21-02-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 107

# 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 107

# 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ(മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

254/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 107

# 2018—ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

സംസ്ഥാനത്തെ ചില മെഡിക്കൽ കോളേജുകളിൽ 2016-17 അധ്യയന വർഷം നടത്തിയ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക. സംസ്ഥാനത്തെ ചില മെഡിക്കൽ കോളേജുകളിൽ 2016-17 അധ്യയന വർഷം നടത്തിയ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ.—2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലോ (2006-ലെ 19) അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച പ്രവേശന മേൽനോട്ട

സമിതിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ ഏതെങ്കിലും നടപടികളിലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഉടമ്പടിയിലോ കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2016–17 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഏതൊരു മെഡിക്കൽ കോളേജിലും മെഡിക്കൽ വിജ്ഞാന ശാഖയിൽ പ്രവേശനത്തിന് യോഗ്യതയുണ്ടായിരിക്കുകയും, എന്നാൽ അവരുടെ പ്രവേശനം ഏതെങ്കിലും കോടതിയോ പ്രവേശന മേൽനോട്ട സമിതിയോ റദ്ദാക്കുകയും ചെയ്തത്, പ്രവേശന മേൽനോട്ട സമിതിയുടെ മുമ്പാകെ അപേക്ഷ സമർപ്പിച്ച രീതിയും ഏതെങ്കിലും രേഖ ഹാജരാക്കാതിരുന്നതും കണക്കിലെടുക്കാതെതന്നെ, സർക്കാരിന്, ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, അപേക്ഷകരുടെ പ്രവേശനം നടത്തിയത് ക്രമവൽക്കരിക്കുന്നത് സർക്കാരിന് നിയമപരമായി അനുവദനീയമായിരിക്കുന്നതാണ്:

എന്നാൽ, പ്രസ്തുത അധ്യയന വർഷം അങ്ങനെയുള്ള വിദ്യാർത്ഥി യഥാവിധി കോഴ്സിന് ഹാജരാകാത്തപക്ഷം അങ്ങനെയുള്ള പ്രവേശനം ക്രമവൽക്കരിക്കാൻ പാടില്ലാത്തതാകുന്നു.

3. <u>ക്രമവൽക്കരണത്തിനുള്ള നടപടിക്രമം</u>.—(1) ഏതെങ്കിലും മെഡിക്കൽ കോളേജിലെ മെഡിക്കൽ വിജ്ഞാന ശാഖയിൽ 2-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരം അപേക്ഷകർക്ക് പ്രവേശനം നൽകുകയും അവരുടെ പ്രവേശനം റദ്ദാക്കപ്പെടുകയും ചെയ്ത മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുകൾക്ക് ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം അങ്ങനെയുള്ള പ്രവേശനം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനായുള്ള എല്ലാ അപേക്ഷയും ബന്ധപ്പെട്ട സർവ്വകലാശാല മുഖേന സർക്കാരിന് സമർപ്പിക്കേണ്ടതും, സർവ്വകലാശാല, അങ്ങനെയുള്ള അപേക്ഷ ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം താഴെപ്പറയുന്ന സംഗതികളിന്മേലുള്ള അതിന്റെ അഭിപ്രായം ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ടോടുകൂടി ആയത് സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്, അതായത്:—

(i) പ്രവേശനം ലഭിച്ച വിദ്യാർത്ഥിയ്ക്ക് 2016–17 അധ്യയന വർഷം പ്രാബല്യത്തിലുണ്ടായിരുന്നതും ബാധകമായിരുന്നതുമായ നിയമങ്ങളും ഉത്തരവുകളും പ്രകാരം മെഡിക്കൽ വിജ്ഞാന ശാഖയിൽ പ്രവേശനം നേടുന്നതിനായി നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യതയും അർഹതയും ഉണ്ടോ;

(ii) അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിദ്യാർത്ഥികൾ 2016-17 അധ്യയന വർഷം യഥാവിധി കോഴ്സിന് ഹാജരായിട്ടുണ്ടോ;

(iii) മറ്റു വിധത്തിൽ കോഴ്സ് തുടരുവാൻ വിദ്യാർത്ഥി അർഹനാണോ.

(3) സർക്കാർ, ഈ ആവശ്യത്തിലേക്കായി പ്രത്യേക ഉത്തരവുവഴി അധികാരപ്പെടുത്തിയേക്കാവുന്ന, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഈ ആക്റ്റിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം ആയിരിക്കേണ്ടതാണ്. ക്ഷമതയുള്ള അധികാര സ്ഥാനത്തിന്, അങ്ങനെയുള്ള അപേക്ഷ ശരിയായ വിധത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഏതൊരു ആളെയും സമൺ ചെയ്യുന്നതിനും ഏതൊരു രേഖയും ആവശ്യപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻ കീഴിൽ ക്രമവൽക്കരണത്തിനുള്ള ഒരു അപേക്ഷ ലഭിച്ചാൽ അതിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും സർക്കാർ ഒരു റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ആവശ്യമെങ്കിൽ അപേക്ഷകനെയും എതിർകക്ഷികളെയും ബന്ധപ്പെട്ട മറ്റേതെങ്കിലും ആളെയും കേട്ടതിനുശേഷം അപേക്ഷ പരിഗണിക്കേണ്ടതും, ഈ ആക്റ്റിൻ കീഴിൽ അടയ്ക്കേണ്ടതായ ക്രമവൽക്കരണ ഫീസ് ഒടുക്കുന്നതിനുള്ള ഉത്തരവ് ഉൾപ്പെടെ അതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(5) സർക്കാർ, അപേക്ഷ അനുവദിക്കുന്ന സംഗതിയിൽ, ഇതു സംബന്ധിച്ച ഒരു നിർദ്ദേശം ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് നൽകേണ്ടതും ഏതെങ്കിലും സർവ്വകലാശാലാ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ ഓർഡിനൻസിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിൽ അങ്ങനെയുള്ള വിദ്യാർത്ഥികളുടെ പേര് ചേർക്കുന്നതിനാവശ്യമായ ഉത്തരവുകൾ സർവ്വകലാശാല പുറപ്പെടുവിക്കേണ്ടതും അതിനുശേഷം അങ്ങനെയുള്ള വിദ്യാർത്ഥികളെ 2016-17 അധ്യയന വർഷം മുതൽ ആ വിജ്ഞാന ശാഖയിൽ അവരുടെ കോഴ്സ് പൂർത്തിയാകുന്നതുവരെ ആ സർവ്വകലാശാലയ്ക്ക് കീഴിലെ മെഡിക്കൽ വിജ്ഞാന ശാഖയിലെ റെഗുലർ വിദ്യാർത്ഥികളായി പരിഗണിക്കേണ്ടതുമാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "സർവ്വകലാശാല ആക്റ്റ്" എന്നാൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ, ഒരു സർവ്വകലാശാല സ്ഥാപിച്ചു കൊണ്ടുള്ള, ഒരു ആക്റ്റ് എന്നർത്ഥമാകുന്നു.

4. <u>ക്ഷമതയുള്ള അധികാരസ്ഥാനം പരിഗണിക്കേണ്ടതായ കാര്യങ്ങൾ</u>.—ഈ ആക്റ്റ് പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ച ഒരു അപേക്ഷ പരിഗണിക്കുമ്പോൾ, ക്ഷമതയുള്ള അധികാരസ്ഥാനം,—

(i) പ്രവേശനം ലഭിച്ച വിദ്യാർത്ഥിയ്ക്ക് 2016-17 അധ്യയന വർഷം പ്രാബല്യത്തിലുണ്ടായിരുന്നതും ബാധകമായിരുന്നതുമായ നിയമങ്ങളും ഉത്തരവുകളും പ്രകാരം മെഡിക്കൽ വിജ്ഞാന ശാഖയിൽ പ്രവേശനം നേടുന്നതിനായി, നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യതയും അർഹതയും ഉണ്ടോ എന്നത് പരിഗണിക്കേണ്ടതാണ്;

(ii) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് വിരുദ്ധമായി ഒരു വിദ്യാർത്ഥിയും കോളേജിൽ തുടരുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്;

(iii) വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ച രീതി പരിഗണിക്കുവാൻ പാടില്ലാത്തതാണ്;

(iv) പ്രവേശന മേൽനോട്ട സമിതി മുമ്പാകെ ഏതെങ്കിലും രേഖയോ ഏതെങ്കിലും വിവരമോ ഹാജരാക്കാത്തത് പരിഗണിക്കുവാൻ പാടില്ലാത്തതാണ്;

(v) മാനേജ്മെന്റ് യാതൊരു ക്യാപ്പിറ്റേഷൻ ഫീസും വസൂലാക്കിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്;

(vi) മാനേജ്മെന്റ് കൊള്ളലാഭമൊന്നും ഉണ്ടാക്കിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5. <u>ക്രമവൽക്കരണ ഫീസ് അടയ്ക്കൽ</u>.—(1) ഈ ആക്റ്റിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനായുള്ള ഒരു അപേക്ഷ സർക്കാർ അനുവദിക്കുന്നപക്ഷം, അങ്ങനെയുള്ള മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് അങ്ങനെയുള്ള ക്രമവൽക്കരണത്തിനായി ഒരു വിദ്യാർത്ഥിക്ക് മൂന്ന് ലക്ഷം രൂപ വീതം ക്രമവൽക്കരണ ഫീസായി ഒടുക്കുവാൻ ബാധ്യസ്ഥമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഫീസ് ചുമത്തുവാൻ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അധികാരമുണ്ടായിരിക്കുന്നതും 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ അത് വ്യക്തമാക്കേണ്ടതുമാണ്.

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് (2018-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ ചില മെഡിക്കൽ കോളേജുകളിൽ 2016-17 അധ്യയന വർഷം നടന്ന മെഡിക്കൽ പ്രവേശനത്തിൽ 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലെ (2006-ലെ 19) വ്യവസ്ഥകളനുസരിച്ച് പ്രവേശന മേൽനോട്ട സമിതിയുടെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല, ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നില്ല, അക്കാദമിക നടപടിക്രമങ്ങളിൽ സുതാര്യത കൈക്കൊണ്ടില്ല തുടങ്ങിയ കാരണങ്ങളാൽ അത്തരം മെഡിക്കൽ പ്രവേശനം പ്രവേശന മേൽനോട്ട സമിതി റദ്ദാക്കുകയും സമിതിയുടെ തീരുമാനം ബഹു. കേരള ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും ശരിവെയ്ക്കുകയും ചെയ്യുകയുണ്ടായി.

2. പ്രവേശന മേൽനോട്ട സമിതിയുടെ മേല്പറഞ്ഞ തീരുമാനവും ബഹു. കേരള ഹൈക്കോടതിയുടെയും ബഹു. സുപ്രീംകോടതിയുടെയും ഉത്തരവുകളുംമൂലം സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നും സർക്കാരിന് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സമിതിയുടെ ഉത്തരവും ബഹു. കേരള ഹൈക്കോടതിയുടെയും ബഹു. സുപ്രീംകോടതിയുടെയും ഇതുസംബന്ധിച്ച വിധികളും വിശകലനം ചെയ്തുകൊണ്ട് ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും വിദ്യാർത്ഥികളുടേതല്ലാത്ത വീഴ്ചകൾക്ക് അവർ ഇരകളാകാൻ പാടില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. ഇത്തരം മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ റാങ്കിനേക്കാൾ കുറഞ്ഞ 'നീറ്റ്' റാങ്കുള്ള വിദ്യാർത്ഥികൾ മറ്റ് കോളേജുകളിൽ പ്രവേശനം നേടുകയും പഠനം തുടരുകയുമാണ്. 'നീറ്റ്' റാങ്കുമായി ബന്ധപ്പെട്ട അത്തരം രേഖകൾ ശരിയായവിധം പ്രവേശന മേൽനോട്ട സമിതി മുൻപാകെ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ഹാജരാക്കിയിരുന്നില്ല. അപ്രകാരം പ്രസ്തുത കോളേജുകളിൽ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് മുഖേനയും അതിനുശേഷവും പഠനം തുടർന്നുവരുന്ന വിദ്യാർത്ഥികളുടെയും യോഗ്യതയുള്ള വിദ്യാർത്ഥികളുടെയും പ്രവേശനം

ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്രസ്താവിച്ച നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് 2017 ഒക്ടോബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഒക്ടോബർ 20-ാം തീയതിയിലെ 2244-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 21-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2017 നവംബർ 9-ാം തീയതി ആരംഭിച്ച് അന്നേദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2017-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് 2017 ഡിസംബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 20-ാം തീയതിയിലെ 2783-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 34-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയിലെ ബിൽ നമ്പർ 91 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 1-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2018-ലെ 1-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. കെ. ശൈലജ ടീച്ചർ.